പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1782 05.02.2019-ലെ മറുപടിക്ക്

# ട്രാഫിക് നിയമ ലംഘനങ്ങൾ മൂലമുണ്ടാകുന്ന റോഡപകടങ്ങൾ

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ. പി.കെ. ശശി
,, എ.എം. ആരിഫ്
,, കെ.ജെ. മാക്സി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ട്രാഫിക് നിയമ ലംഘനങ്ങൾ വർദ്ധിച്ച് വരുന്നതു മൂലമുണ്ടാകുന്ന റോഡപകടങ്ങൾ പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ട്രാഫിക് നിയമലംഘനങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അപകടങ്ങൾക്ക് കാരണമായ അമിത വേഗത, ഹെൽമെറ്റ് ധരിക്കാതിരിക്കുക, സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, തെറ്റായ സൈഡിൽക്കൂടി ഓവർടേക്ക് ചെയ്യുക, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക, മത്സരയോട്ടം നടത്തുക തുടങ്ങി എല്ലാ ട്രാഫിക് നിയമലംഘനങ്ങളും തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം അപകടകരമായ പ്രവണതകളിൽനിന്നും പൊതുജനങ്ങളെ പിൻതിരിപ്പിക്കുന്നതിനായി ലൈസൻസ് സസ്പെന്റ് ചെയ്യുക, പിഴ ഈടാക്കുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.<br>പോലീസ് വകുപ്പിന്റെ കീഴിലുള്ള എസ്.സി.ആർ.ബിയാണ് (SCRB) |

| | | | |
|---|---|---|---|
| | | | അപകടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നത്. അപകടങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങൾ പ്രത്യേകമായി തന്നെ അവർ രേഖപ്പെടുത്താറുമുണ്ട്. പോലീസ് വകുപ്പിന്റെ RAPID System-ലെ Provisional data പ്രകാരം 2018-ൽ അമിത വേഗത കാരണം 27720 അപകടങ്ങളും 2761 മരണങ്ങളും സംഭവിച്ചിട്ടുണ്ട്. ട്രാഫിക് സിഗ്നൽ ലൈറ്റ് ലംഘിച്ചത് മൂലം 102 അപകടങ്ങളും 7 മരണവും തെറ്റായ ദിശയിലൂടെയുള്ള ഡ്രൈവിംഗ് കാരണം 1355 അപകടങ്ങളും 115 മരണവും മദ്യപിച്ച് വണ്ടിയോടിച്ചത് കാരണം 152 അപകടങ്ങളും 25 മരണവും മൊബൈൽ ഫോൺ ഉപയോഗം മൂലം 31 അപകടങ്ങളും 5 മരണവും സംഭവിച്ചതായി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഹെൽമറ്റില്ലാതെ ഇരുചക്രവാഹനമോടിക്കുന്നവരും Seat belt ധരിക്കാത്തവരും മരണമടഞ്ഞിട്ടുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹെൽമറ്റ് റൂൾ ശക്തമാക്കാനും ട്രാഫിക് നിയമലംഘനം തടയുന്നതിനായുള്ളള്ള നിരീക്ഷണങ്ങളും പരിശോധനകളും കർശനമായി നടത്തുവാനും പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകാറുണ്ട്. റോഡ് സുരക്ഷാവാരാചരണത്തിന്റെ ഭാഗമായി ഫെബ്രുവരി 4 മുതൽ 10 വരെ വാഹന പരിശോധനയും മറ്റും കർശനമാക്കി |

| | | | |
|---|---|---|---|
| | | | നിയമം ശക്തമായി നടപ്പിലാക്കുവാനും അവബോധ പരിപാടികൾ സംഘടിപ്പിക്കുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും 31/01/2019-ൽ വീഡിയോ കോൺഫറൻസ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ട്രാഫിക് നിയമ ലംഘനങ്ങൾ തടയുന്നതിനായി തേഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്റ്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും ബോധവൽക്കരണ പരിപാടികൾ നടത്താനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) യും (സി) യും | സർക്കാർ തലത്തിൽ തേഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ പൊതുജന പങ്കാളിത്തത്തോടെ പ്രാദേശികമായി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ ഇത്തരം ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. |
| (സി) | ട്രാഫിക് നിയമ ലംഘനങ്ങൾ ചൂണ്ടിക്കാണിക്കുന്നവരുടെ വിവരങ്ങൾ രഹസ്യമായി വയ്ക്കുന്നതിനും, അവരെ പ്രോത്സാഹിപ്പിക്കുന്നതിനും, നിയമലംഘനം ബോധ്യപ്പെട്ടാൽ ശിക്ഷയുറപ്പാക്കുന്നതിനും പ്രസ്തുത പ്രോജക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ